# കേരളസർവകലാശാല

നം.പി.ആർ.223/2022

## പത്രക്കുറിപ്പ്

**കേരളസർവകലാശാല**
**ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2022**
**ജനറൽ, എസ്.സി., എസ്.ടി., മറ്റ് സംവരണ വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് –**
**കൊല്ലം, ആലപ്പുഴ, പത്തനംതിട്ട മേഖലകളിലെ കോളേജുകൾ**
**ഒക്ടോബർ 25 & 26 തീയതികളിലും**
**തിരുവനന്തപുരം മേഖലയിലെ കോളേജുകൾ**
**ഒക്ടോബർ 27 & 28 തീയതികളിലും**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് മേഖലാ തലത്തിൽ കമ്മ്യൂണിറ്റിക്വാട്ട ഉൾപ്പെടെയുള്ള സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

| Colleges (Zone wise) | Venue | Subjects | Date |
|---|---|---|---|
| Kollam, Alappuzha & Pathanamthitta | S N College, Kollam | MSc & MCom | 25.10.2022 |
| | | MA | 26.10.2022 |
| Thiruvananthapuram | Senate Hall, University of Kerala, Palayam | MSc & MCom | 27.10.2022 |
| | | MA | 28.10.2022 |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും (Non-creamy Layer Certificate for SEBC Candidates, Community Certificate for SC-ST Candidates, EWS Certificate for EWS Candidates) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 200/- രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1030/- രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

## പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാല നാലാം സെമസ്റ്റർ ബി.ടെക് (2018 സ്കീം ) ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി നവംബർ 2022 (യൂ.സി.ഇ.കെ) പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷ തീയതി

കേരള സർവകലാശാല ആറാം ബി.ടെക് ഡിഗ്രി (മെയ് 2022) 2013 സ്കീം ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് ബ്രാഞ്ചിന്റെ സോഫ്റ്റ്‌വെയർ ലാബ് (13608) പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 31ന് ടി.കെ.എം കോളേജ് ഓഫ് എൻജിനീയറിങ് സെന്ററിൽ വെച്ച് നടത്തുന്നതാണ് വിശദവിവരം വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ പരീക്ഷ

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ബി.പി.എ മ്യൂസിക് (വീണ ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 7 മുതലും 2022 ഓഗസ്റ്റ് നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ (വീണ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 9 മുതലും തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്ന വിശദവിവരം വെബ്സൈറ്റിൽ.

## സൂക്ഷ്മ പരിശോധന

കേരളസർവകലാശാല പാർട്ട് III ബി.കോം (ആന്വൽ) ഏപ്രിൽ 2022 ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ VII) 26.10.2022 മുതൽ 28.10.2022 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല 2022 മാർച്ച് നടത്തിയ മൂന്നാം സെമസ്റ്റർ എം.എ /എം.എസ് സി/ എം. കോം/ എം. എം.സി.ജെ/ എം.എസ്.ഡബ്ല്യു പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാനത്തെ തീയതി ഒക്ടോബർ 28 വരെ.

തിരുവനന്തപുരം,
22.10.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)